# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1307

04.12.2014 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് - വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട് ലെറ്റുകളിൽ അരി, പലവ്യഞ്ജനങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കളുടെ വില, എന്തു പ്രത്യേക സാഹചര്യത്തിലാണ് ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചിരിക്കുന്നതെന്നു വ്യക്തമാക്കാമോ; | (എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വില്പന വില ഈ സാമ്പത്തിക വർഷം പുനർ നിർണ്ണയിച്ചിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിയിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റു ചിലവുകൾ എന്നിവ മാസം തോറും കൂടികൊണ്ടിരിക്കുകയും, വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതു മൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതു കൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചത്. എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി 20% മുതൽ 35% വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതു മൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ വർദ്ധിക്കുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം, അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമാണ്. |
| (ബി) മന്ത്രിസഭാ തീരുമാനത്തിന്റെയോ ഏതെങ്കിലും കമ്മിറ്റിയുടെ | (ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശുപാർശ ചെയ്തിരുന്നു. |

| | |
|---|---|
| നിർദ്ദേശപ്രകാരമോ ആണോ പ്രസ്തുത വിലവർദ്ധനവ് നടപ്പിൽ വരുത്തിയിരിക്കുന്നത് എന്നും, വിലവർദ്ധനവിന്റെ ഇനം തിരിച്ചുള്ള വിവരങ്ങളും അറിയിക്കാമോ ? | 06.08.2014 ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു. 01.12.2014 ൽ നിലവിൽ വന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വില്പന വില അനുബന്ധമായി ചേർക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | ഇനം | പുനർ നിർണ്ണയിച്ച വില (Rs./ per Kg.) |
|---|---|---|
| 1 | ചെറുപയർ | 74 |
| 2 | ഉഴുന്ന് (ബോൾ) | 66 |
| 3 | വൻകടല | 43 |
| 4 | വൻപയർ | 45 |
| 5 | തുവരപരിപ്പ് | 65 |
| 6 | മുളക് | 75 |
| 7 | മല്ലി | 112 |
| 8 | പഞ്ചസാര | 25 |
| 9 | ജയ അരി | 25 |
| 10 | കുറുവ അരി | 25 |
| 11 | മട്ട അരി | 25 |
| 12 | പച്ചരി | 23 |
| 13 | വെളിച്ചെണ്ണ (ഒരു ലിറ്റർ) | 139 |

Beena

സെക്ഷൻ ഓഫീസർ